# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3790 24.06.2014-ൽ മറുപടിക്ക്

ചോദ്യം

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## നിർത്തലാക്കിയ സബ്സിഡികൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിർത്തലാക്കിയിട്ടുള്ള സബ്സിഡികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, സഹകരണ വകുപ്പ് മുഖാന്തിരം വിപണന ഇടപെടലിനും, സംസ്ക്കരണത്തിനും നൽകുന്ന ധന സഹായപദ്ധതിപ്രകാരമുള്ള സബ്സിഡി, എ.പി.എൽ കാർഡുടമകൾ വാങ്ങുന്ന ഗോതമ്പിന് നൽകിയിരുന്ന സബ്സിഡി എന്നിവ നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ പുതിയതായി ഏതെങ്കിലും സബ്സിഡികൾ അനുവദിച്ചിട്ടുണ്ടോ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയതായി അനുവദിച്ച സബ്സിഡികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

U3-3790

## അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയതായി അനുവദിച്ച സബ്സിഡികൾ (വിവിധ വകുപ്പുകൾ ലഭ്യമാക്കിയത്)

### സഹകരണ വകുപ്പ്

കർഷക സേവന കേന്ദ്രം, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം, "ഉത്തേജന പലിശയിളവ് പദ്ധതി" തുടങ്ങിയ പദ്ധതികൾ മുഖേന സബ്സിഡി അനുവദിച്ചിട്ടുണ്ട്.

### മത്സ്യബന്ധന വകുപ്പ്

മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനും ഭവന നവീകരണത്തിനും സബ്സിഡി നൽകുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കി.

### കൃഷി വകുപ്പ്

കൃഷി വകുപ്പിന് കീഴിൽ ജൈവകൃഷി പ്രോത്സാഹനം, കരനെൽ കൃഷി, തരിശായി കിടക്കുന്ന നിലങ്ങളിലും, പുരയിടങ്ങളിലും വിവിധ വിളകൾ കൃഷി ചെയ്യുന്നതിനും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും, സ്കൂൾ വിദ്യാർത്ഥികൾക്കും, വനിതകൾക്കും സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നതിനും സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭിക്കുന്നതിനും സബ്സിഡി നടപ്പിലാക്കി. കൂടാതെ കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി പൂർണ്ണമായി ഏർപ്പടുത്തി.

### വിദ്യാഭ്യാസ വകുപ്പ്

പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി അനുവദിച്ചു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ